## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4136 18/10/2011 ൽ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും<br>വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് 2011-12 വർഷത്തിൽ ബഡ്ജറ്റ് വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചുവടെചേർക്കും പ്രകാരമാണ്.<br><br>ക്രമ നം. \| വകുപ്പ് \| ബഡ്ജറ്റ് വിഹിതം (തുക ലക്ഷത്തിൽ)<br>1 \| പട്ടികജാതി വികസന വകുപ്പ് \| 57845.84<br>2 \| പട്ടികവർഗ്ഗ വികസന വകുപ്പ് \| 30107.45 |
| (ബി) | ഇവരുടെ ക്ഷേമത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വച്ചിട്ടുള്ള തുകയെത്ര; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുക ചുവടെ ചേർക്കും പ്രകാരമാണ്.<br><br>ക്രമ നം. \| വകുപ്പ് \| ബഡ്ജറ്റ് വിഹിതം (തുക കോടിയിൽ)<br>1 \| പട്ടികജാതി വികസന വകുപ്പ് \| 675.90<br>2 \| പട്ടികവർഗ്ഗ വികസന വകുപ്പ് \| 99.09 |
| (സി) | സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും ഏതെല്ലാമെന്നും ഓരോന്നിനും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സംസ്ഥാനവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളും അനുവദിച്ചിട്ടുള്ള തുകയും അനുബന്ധം (എ) -ൽ കാണാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനം വിവിധ വകുപ്പുകൾ വഴി പദ്ധതി നടപ്പിലാക്കുമ്പോൾ ഇതിനു വേണ്ടി പ്രൊപ്പോസലുകൾ സ്വീകരിക്കുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ; | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പു കളിൽ നിന്നുള്ള പദ്ധതികൾ പൂൾഡ് ഫണ്ടിൽ നിന്നും തുക കണ്ടെത്തി നടപ്പിലാക്കുന്നു. വിവിധ വകുപ്പുകളിൽ നിന്നുമുള്ള പ്രൊപ്പോസലുകൾ അതാത് വകുപ്പുകൾ തന്നെ നേരിട്ട് സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. ആസൂത്രണ ബോർഡ് പരിശോധിച്ച് തരുന്ന പ്രൊപ്പോസലുകളിൽ 3 കോടി രൂപ വരെ എസ്റ്റിമേറ്റുള്ളവ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് വേണ്ടിയുള്ള സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടും 3 കോടി രൂപയിൽ അധികരിക്കുന്ന എസ്റ്റിമേറ്റുള്ള പദ്ധതികൾ ധനകാര്യ വകുപ്പിന്റെ നേതൃത്വത്തിലുള്ള സംഘടിപ്പിക്കുന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടുംകൂടി നടപ്പിലാക്കുന്നു. |
| (ഇ) | ജില്ലാതല എസ്.സി/എസ്.ടി വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാം; ഇതിന് എത്ര തുക വീതമെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ; തിരുവനന്തപുരം ജില്ലയിൽ വർക്കിംഗ് ഗ്രൂപ്പിൽ അനുവദിച്ചിട്ടുള്ള പദ്ധതികളേവ; ഓരോന്നിനും എത്ര തുക വീതമാണ് നീക്കിവച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ? | (ഇ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ പശ്ചാത്തല വികസനം, സേവനം, ഉൽപാദനം എന്നീ മേഖലകളിലുള്ള 25 ലക്ഷം രൂപവരെ അടങ്കൽ തുക വരുന്ന പദ്ധതികൾ നടപ്പിലാക്കാം.<br>തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പദ്ധതികളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പദ്ധതികൾ അനുബന്ധം(ബി) യിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.